MR. MANNATHU PADMANABHA PILLAI (*Pathanamthitta II—General*): പ്രമേയം എന്താണെന്ന് അറിഞ്ഞിട്ടുവേണമല്ലോ അതിനെക്കുറിച്ച് എന്തെങ്കിലും അഭിപ്രായം പറയുവാൻ.

MR. PRESIDENT : ഈ അടുത്തകാലത്തു നെല്ലിന്റെ വില മൂന്നു രൂപാ ആക്കിയിരിക്കുന്നതുകൊണ്ട് തിരുവിതാംകൂറിൽ ഉണ്ടായിരിക്കുന്ന ഗൗരവതരമായ നിലയെപ്പറ്റി ചർച്ചചെയ്യുന്നതിന് സമ്മതമാണോ എന്നാണ് പറഞ്ഞിരിക്കുന്നത്.

MR. MANNATHU PADMANABHA PILLAI : സംസാരിക്കാൻ അനുവാദം തരണം.

MR. PRESIDENT : പ്രമേയം അവതരിപ്പിക്കുന്നതിൽ എതിരുണ്ടെങ്കിൽ പറയാം. അനുവദിക്കുന്നുണ്ടെന്ന് പറയണമെങ്കിൽ 40 പേരിൽ കുറയാതെ എഴുന്നേറ്റുനില്ക്കണം. (40 പേരിൽ കൂടുതൽ എഴുന്നേറ്റു).

സഭ ഈ പ്രമേയം അവതരിപ്പിക്കുന്നതിന് സമ്മതിച്ചിരിക്കുന്നതിനാൽ ഈ പ്രമേയം ഇന്ന് ഉച്ച കഴിഞ്ഞു നാലുമണിക്കു വാമൊഴി വാളത്തിന് എടുക്കുന്നതാണ്.

നാലാമത്തെ പ്രമേയവും മി. കണ്ണാറ ഗോപാലപ്പണിക്കരുടേതാണ്.

"I beg leave to move that the business of the house be adjourned for the purpose of discussing a definite matter of urgent public importance viz., the serious situation brought about by the growing corruption and irresponsible attitude among some of the Police officers in the State and the indispensable necessity of putting down the same by adopting stringent measures without delay."

ഈ പ്രമേയം ഒരു ക്ലിപ്തമായ കാര്യത്തെ സംബന്ധിച്ചല്ല എന്നു മാത്രം പ്രമേയം വായിച്ചാൽതന്നെ അറിയാം. അതുകൊണ്ടു ആദ്യത്തെ പ്രമേയം തള്ളിയ കാരണംകൊണ്ടുതന്നെ ഈ പ്രമേയവും ഞാൻ നിരസിച്ചിരിക്കുന്നു.

MR. K. A. MUHAMMED : ഒരു സിറ്റിംഗിൽ ഇതു പ്രമേയംമാത്രമേ അനുവദിക്കാൻ നിവൃത്തിയുള്ളുവെങ്കിൽ ഒന്നിൽ കൂടുതൽ adjournment motion ഇന്നു സ്വീകരിച്ചാൽ പിന്നീടുള്ള ദിവസങ്ങളിൽ വരുന്ന adjournment motion എടുക്കുന്നതു എപ്പോൾ ആയിരിക്കും.

MR. PRESIDENT : ഈ adjournment motion ഞാൻ മുൻപറഞ്ഞ കാരണങ്ങളാൽതന്നെ ഇവിടെ അവതരിപ്പിക്കാനുള്ള അനുവാദം നിഷേധിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly